# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2175 — 18-12-2012-ൽ മറുപടിക്ക്

### വൈദ്യുതി മോഷണം തടയുന്നതിനുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി മോഷണം തടയുന്നതി നായി എന്തെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളത് ; | (എ) വൈദ്യുതി മോഷണം തടയുന്നതിന് സംസ്ഥാനത്തൊട്ടാകെ 13 ആൻറി പവർ തെഫ്റ്റ് സ്ക്വാഡുകൾ, ചീഫ് വിജിലൻസ് ഓഫീസറുടെയും ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെയും, മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. എ.പി.റ്റി.എസ്സ് സ്ക്വാഡുകൾക്ക് വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കുന്നതിന് സഹായകമായി ഡിജിറ്റൽ ക്യാമറ, അക്യുചെക്ക്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, റ്റോങ്ങ്ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തടയുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ |

കഴിയുന്നതിനുള്ള മീറ്ററുകൾ സ്ഥാപിച്ചു വരുന്നു.

2. മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് മീറ്റർ സീലുകൾ ഉപയോഗിച്ചു വരുന്നു.
3. ലാപ്ടോപ്പ്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം എന്നിവ ഉപയോഗിച്ച് പ്രത്യേക സോഫ്റ്റ് വെയർ മുഖേന വൈദ്യുതി മോഷണം നടന്നിട്ടുണ്ടോയെന്ന വിവരം മീറ്ററിൽ നിന്നും ശേഖരിക്കുന്ന സംവിധാനം നിലവിലുണ്ട്.

| | | | |
|---|---|---|---|
| (ബി) | 2010 - 11, 2011 - 12 കാലത്ത് വൈദ്യുതി മോഷണത്തിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | 2010-11 കാലത്ത് 687 ഉം 2011-12 കാലത്ത് 550 ഉം വൈദ്യുതി മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (സി) | ആലപ്പുഴ ജില്ലയിൽ എത്ര വൈദ്യുതി മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ ; | (സി) | ആലപ്പുഴ ജില്ലയിൽ 2010-11 കാലയളവിൽ 12 ഉം, 2011-12 കാലയളവിൽ 10 ഉം വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട് |
| (ഡി) | കായംകുളം മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ ? | (ഡി) | കായംകുളം മണ്ഡലത്തിൽ 2011-12 കാലയളവിൽ ഒരു വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ